# EXAM POINT OF VIEW - 2021

# STANDARD 10

## സാമൂഹ്യശാസ്ത്രം II

### അദ്ധ്യായം 3

## മാനവ വിഭവശേഷി വികസനം ഇന്ത്യയിൽ

Q.ജനസംഖ്യ, അതിന്റെ എണ്ണത്തിൽ വരുന്ന മാറ്റം, ഘടനാപരമായ സവിശേഷതകൾ തുടങ്ങിയവ വിശകലനം ചെയ്യുന്ന സാമൂഹ്യശാസ്ത്രശാഖ ഏതാണ്?

ജനസംഖ്യാശാസ്ത്രം

Q.ഇന്ത്യയിൽ സെൻസസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സ്ഥാപനം ഏതാണ്?

പോപുലേഷൻ രജിസ്ട്രാർ ജനറൽ ആൻഡ് സെൻസസ് കമ്മീഷണറുടെ ഓഫീസ്

Q.ആറുവയസ്സുവരെയുള്ള കുട്ടികളുടെ സമഗ്രവികസനത്തിനുവേണ്ടിയുള്ള പദ്ധതിയുടെ പേര് എന്താണ്?

സംയോജിത ശിശുവികസന സേവന പരിപാടി(ICDS )

Q.സാർവത്രിക വിദ്യാഭ്യാസം ഹയർ സെക്കന്ററി വരെ ഉറപ്പാക്കുന്നതിനുള്ള പദ്ധതിയുടെ പേര് എന്ത്?

സമഗ്ര ശിക്ഷാ അഭിയാൻ(SSA)

Q.യുവജനങ്ങളുടെ തൊഴിൽ നൈപുണി മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പദ്ധതിയുടെ പേര്?

നാഷണൽ സ്കിൽ ഡവലപ്പ്മെന്റ് ആൻഡ് മോണിറ്ററി റിവാർഡ് സ്കീം

Q.ഗ്രാമീണ മേഖലയിൽ ആരോഗ്യസേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള മിഷൻ ഏത്?

ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ

Q.നഗരമേഖലയിൽ ആരോഗ്യസേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള മിഷൻ ഏത്?

ദേശീയ നഗര ആരോഗ്യ മിഷൻ

Q.മാനവവിഭവം എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?

ജനജീവിതം മെച്ചപ്പെടുത്തുന്നതിനും രാജ്യപുരോഗതി കൈവരിക്കുന്നതിനും ധാരാളം സാധനങ്ങളും സേവനങ്ങളും ആവശ്യമാണ്. ഉൽപാദനമേഖലയിൽ ഉപയോഗിക്കുന്ന അദ്ധ്വാനശേഷിയാണ് മാനവവിഭവം എന്നറിയപ്പെടുന്നത്

Q.മാനവവിഭവശേഷി വികസനം എന്നാലെന്ത്?

വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, പരിശീലനം തുടങ്ങിയവയിലൂടെ മനുഷ്യന്റെ മാനസികവും കായികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനെ മാനവവിഭവശേഷി വികസനം എന്നുപറയുന്നു.

Q.മാനവവിഭവശേഷിവികസനത്തിന്റെ വിവിധ തലങ്ങൾ ഏതെല്ലാം?

വ്യക്തികൾ സ്വന്തം പരിശ്രമത്തിലൂടെ കഴിവുകൾ വികസിപ്പിക്കുന്നു.
കുടുംബം കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നു.
സ്ഥാപനങ്ങൾ പഠനത്തിനും പരിശീലനത്തിനുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നു.
രാഷ്ട്രം കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നു
(സ്വപരിശ്രമം, കുടുംബം, സ്ഥാപനങ്ങൾ, രാഷ്ട്രം)

Q.മാനവവിഭവത്തിന്റെ ഗണപരമായ സവിശേഷതകൾ ഏതെല്ലാം?
ജനസംഖ്യാവലുപ്പം, ജനസാന്ദ്രത, ജനസംഖ്യാവളർച്ച, ജനസംഖ്യാഘടന

Q.ജനസംഖ്യാവലുപ്പം എന്നാലെന്ത്?
ഒരു നിശ്ചിതസമയത്ത് ഒരു പ്രദേശത്ത് താമസിക്കുന്ന ആകെ ജനങ്ങളുടെ എണ്ണമാണ് ജനസംഖ്യാവലുപ്പം.
ജനസംഖ്യയെക്കുറിച്ച് വിശകലനം നടത്തുന്ന ശാസ്ത്ര വിഭാഗമാണ് ജനസംഖ്യാശാസ്ത്രം.

Q.സെൻസസ് എന്നാലെന്ത്? ആരാണ് സെൻസസ് പ്രവർത്തനങ്ങൾ നടത്തുന്നത്?
ജനസംഖ്യയുടെ ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്ന പ്രവർത്തനം സെൻസസ് (കാനേഷുമാരി) എന്നറിയപ്പെടുന്നു.
ഇന്ത്യയിൽ ജനസംഖ്യാകണക്കെടുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നത് പോപുലേഷൻ രജിസ്ട്രാർ ജനറൽ ആൻഡ് സെൻസസ് കമ്മീഷണറുടെ ഓഫീസാണ്.

Q.ലോക ജനസംഖ്യയിൽ ഒന്നാം സ്ഥാനം
ചൈന

Q.ലോക ജനസംഖ്യയിൽ രണ്ടാം സ്ഥാനം
ഇന്ത്യ

Q.ജനസംഖ്യാപഠനം നടത്തുന്നതിന്റെ ആവശ്യകതയെന്ത്?
രാജ്യത്തെ മാനവവിഭവത്തിന്റെ ലഭ്യത മനസിലാക്കാൻ
ജനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്താൻ
ആവശ്യമായ സാധനങ്ങളും സേവനങ്ങളും തിട്ടപ്പെടുത്താൻ
സാമ്പത്തിക സാമൂഹിക നയങ്ങൾ ആസൂത്രണം ചെയ്യാൻ.

Q.ജനസാന്ദ്രത എന്നാലെന്ത്?
ഒരു രാജ്യത്തെ ഒരു ചതുരശ്ര കിലോമീറ്റർ ഭാഗത്തു താമസിക്കുന്ന ജനങ്ങളുടെ ശരാശരി എണ്ണമാണ് ജനസാന്ദ്രത.

Q.ജനസംഖ്യാവളർച്ചാനിരക്ക് എന്നാലെന്ത്?
ഒരു പ്രദേശത്തെ ജനസംഖ്യയിൽ നിശ്ചിതകാലയളവിൽ ഉണ്ടാകുന്ന വർദ്ധനവിനെ ജനസംഖ്യാവളർച്ച എന്നും ആ വളർച്ചയുടെ ശതമാനത്തെ ജനസംഖ്യാവളർച്ചാനിരക്ക് എന്നും പറയുന്നു.

Q.ജനസംഖ്യാവളർച്ചയെ സ്വാധീനിക്കുന്ന ഘടകങ്ങൾ എന്തെല്ലാം?

ജനന നിരക്ക്, മരണ നിരക്ക്, കുടിയേറ്റം

| | |
|---|---|
| ജനന നിരക്ക് | ആകെ ജനസംഖ്യയിൽ 1000 പേർക്ക് എത്ര കുഞ്ഞുങ്ങൾ ജീവനോടെ ജനിക്കുന്നു എന്നതാണ് ജനനനിരക്ക് |
| മരണ നിരക്ക് | ആകെ ജനസംഖ്യയിൽ 1000 പേരിൽ എത്ര മരണങ്ങൾ നടക്കുന്നു എന്നതാണ് മരണനിരക്ക് |
| കുടിയേറ്റം | ഒരു സ്ഥലത്തുനിന്നും ജനങ്ങൾ മറ്റൊരുസ്ഥലത്തേക്ക് താമസം മാറ്റുന്നതി നെയാണ് കുടിയേറ്റം എന്നുപറയുന്നത് |

**Q.**ജനസംഖ്യാവളർച്ചയെ ജനനമരണനിരക്ക്, കുടിയേറ്റം ഇവ എങ്ങനെ സ്വാധീനിക്കുന്നു?

ജനന നിരക്ക് കൂടിയാൽ ജനസംഖ്യ വർധിക്കും

മരണനിരക്ക് കൂടിയാൽ ജനസംഖ്യ കുറയും

ജനനമരണനിരക്കുകൾ തുല്യമായാൽ ജനസംഖ്യയിൽ മാറ്റമുണ്ടാകുന്നില്ല

കുടിയേറ്റം കാരണം ഒരു സ്ഥലത്തെ ജനസംഖ്യ കൂടുകയും മറ്റൊരു സ്ഥലത്തെ ജനസംഖ്യ കുറയുകയും ചെയ്യുന്നു.

**Q.**എന്താണ് ജനസംഖ്യാ ഘടന?

ജനസംഖ്യയെ മൂന്ന് ഗ്രൂപ്പുകളായി തിരിക്കാം _ 15 വയസ്സിൽ താഴെ പ്രായമുള്ളവർ, 15 വയസ്സിനും 59 വയസ്സിനും ഇടയിൽ പ്രായമുള്ളവർ, 59 വയസ്സിൽ കൂടുതൽ പ്രായമുള്ളവർ. ജനങ്ങളെ ഇങ്ങനെ ഗ്രൂപ്പ് തിരിക്കുന്നതിനെയാണ് ജനസംഖ്യാഘടന എന്നുപറയുന്നത്.

**Q.**പങ്കാളിത്ത നിരക്ക് എന്നാലെന്ത്?

15 വയസ്സിനും 59 വയസ്സിനും ഇടയിൽ പ്രായമുള്ളവരിൽ തൊഴിലുള്ളവരും തൊഴിലില്ലാത്തവരും തമ്മിലുള്ള അനുപാതമാണ് പങ്കാളിത്ത നിരക്ക്.

**Q.**ആശ്രയത്വ നിരക്ക് എന്നാലെന്ത്?

15 വയസ്സിൽ താഴെ പ്രായമുള്ളവരും60 വയസ്സിന് മുകളിൽ പ്രായമുള്ളവരും ആശ്രിതവിഭാഗത്തിൽ ഉൾപ്പെടുന്നു. ആകെ ജനസംഖ്യയും ഈ വിഭാഗങ്ങളും തമ്മിലുള്ള അനുപാതമാണ് ആശ്രയത്വനിരക്ക്.

**Q.**സ്ത്രീ പുരുഷ അനുപാതം എന്നാലെന്ത്?

1000 പുരുഷന്മാർക്ക് എത്ര സ്ത്രീകൾ എന്നതാണ് സ്ത്രീ പുരുഷ അനുപാതം. 2011-ലെ സെൻസസ് അനുസരിച്ച് ഇന്ത്യയിലെ സ്ത്രീപുരുഷ 940 അനുപാതം ആണ്.

**Q.**മാനവ വിഭവശേഷി മെച്ചപ്പെടുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം?

ഉൽപ്പാദന ക്ഷമത വർദ്ദിക്കുന്നു.

സാമ്പത്തിക അന്തരം കുറയുന്നു

സംരംഭകത്വം മെച്ചപ്പെടുന്നു

പ്രകൃതിവിഭവങ്ങൾ ഫലപ്രമായി വിനിയോഗിക്കുന്നു

സാമൂഹിക ക്ഷേമം ഉറപ്പുവരുന്നു

സാങ്കേതിക വിദ്യകൾ വികസിക്കുന്നു

**Q.**മാനവവിഭവത്തിന്റെ ഗുണപരമായ സവിശേഷതകൾ ഏതെല്ലാം?

വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, പരിശീലനങ്ങൾ

**Q.**വിദ്യാഭ്യാസം രാജ്യത്തിന്റെ വികസനത്തെ എങ്ങനെ സഹായിക്കുന്നു. ഇതുമായി

ബന്ധപ്പെട്ട ഫ്ളോചാർട്ട് തയ്യാറാക്കുക.

വിദ്യാഭ്യാസം

വ്യക്തികളുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നു

സാങ്കേതികവിദ്യകൾ ഉപയോഗിക്കാനുള്ള അറിവ് ലഭിക്കുന്നു

മെച്ചപ്പെട്ട തൊഴിലും വരുമാനവും ലഭിക്കുന്നു

ജീവിത നിലവാരം ഉയരുന്നു.

Q.വിദ്യാഭ്യാസവും നൈപുണിയും മെച്ചപ്പെടുത്തുന്നതിനായി വേണ്ടി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം?

സംയോജിത ശിശുവികസന സേവന പരിപാടി(ICDS)

സമഗ്ര ശിക്ഷാ അഭിയാൻ(SSA)

രാഷ്ട്രീയ ഉച്ചതൽ ശിക്ഷ അഭിയാൻ(RMSA)

നാഷണൽ സ്കിൽ ഡെവലപ്മെന്റ് ആൻഡ് റിവാർഡ് സ്കീം

(ടെക്സ്റ്റ് ലെ പേജ് നമ്പർ 44 പട്ടിക പഠിക്കുക)

Q.വിദ്യാഭ്യാസ അവകാശനിയമത്തിന്റെ ലക്ഷ്യം എന്താണ്?

എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 2009 -ൽ നിലവിൽ വന്ന നിയമമാണ് വിദ്യാഭ്യാസ അവകാശ നിയമം.

Q.ആരോഗ്യമുള്ള പൗരന്മാർ രാജ്യപുരോഗതിയിൽ പങ്കാളികൾ ആകുന്നത് എങ്ങനെ?

തൊഴിൽ ദിനങ്ങൾ വർദ്ദിക്കുന്നു

ഉൽപ്പാദനക്ഷമതയും ഉൽപ്പാദനവും വർദ്ദിക്കുന്നു

വിഭവങ്ങളെ ശരിയായരീതിയിൽ ഉപയോഗിക്കുന്നു

ചികിത്സാചെലവ് കുറയുന്നു

രാഷ്ട്രം സാമ്പത്തിക വികസനം നേടുന്നു

Q.ചികിത്സാരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം?

| | |
|---|---|
| മെഡിക്കൽ കോളേജുകൾ | ജില്ലാ ആശുപത്രികൾ |
| സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ | പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ |
| ആരോഗ്യ ഉപകേന്ദ്രങ്ങൾ | |

Q.ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ, ദേശീയ നഗര ആരോഗ്യ മിഷൻ-ലക്ഷ്യം എഴുതുക

ഗുണമേന്മയുള്ള ആരോഗ്യസേവനങ്ങൾ എല്ലാവർക്കും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഗ്രാമീണ തലത്തിൽ ദേശീയ ഗ്രാമീണ ആരോഗ്യ മിഷനും നഗരതലത്തിൽ ദേശീയ നഗര ആരോഗ്യ മിഷനും പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തന ഫലമായി ഇന്ത്യയിലെ ജനങ്ങളുടെ ആയുർദൈർഘ്യം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

Q.ആയുർദൈർഘ്യം എന്നതുകൊണ്ട് അർഥമാക്കുന്നതെന്താണ്?

ശരാശരി എത്രവയസ്സുവരെ ഒരാൾ ജീവിച്ചിരിക്കുന്നു എന്നതാണ് ആയുർദൈർഘ്യം

# സാമൂഹ്യശാസ്ത്രം I

### അദ്ധ്യായം 3

# <u>പൊതുഭരണം</u>

**Q.**"പൊതുഭരണമെന്നാൽ ഗവണ്മെന്റ് ഭരണത്തെ സംബന്ധിക്കുന്നതാണ്". ഇത് ആരുടെ അഭിപ്രായമാണ്?

എൻ ഗ്ലാഡൻ

**Q.**അഖിലേന്ത്യാ സർവീസിലേക്കും കേന്ദ്ര സർവീസിലേക്കും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത് ആരാണ്?

യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ(UPSC )

**Q.**യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് ആരാണ്?

രാഷ്ട്രപതി

**Q.**സംസ്ഥാന സർവീസിലേക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത് ആരാണ്?

പബ്ലിക് സർവീസ് കമ്മീഷൻ(PSC )

**Q.**പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് ആരാണ്?

ഗവർണർ

(യു.പി.എസ്.സി., പി.എസ്.സി. എന്നിവ ഭരണഘടനയുടെ
അടിസ്ഥാനത്തിൽ നിലവിൽ വന്നവയാണ്)

**Q.**"സുതാര്യവും ചുറുചുറുക്കുമുള്ള ഗവണ്മെന്റ് പദ്ധതി. എല്ലാവരിലും സുരക്ഷിതമായും വേഗത്തിലും ഡിപ്പാർട്ടുമെന്റ് തലത്തിലുമുള്ള തടസ്സങ്ങളില്ലാതെയും എത്തുന്ന വിവരങ്ങൾ. എല്ലാ പൗരന്മാർക്കും യാതൊരു പക്ഷഭേദവുമില്ലാതെ വ്യക്തമായ സേവനം ലഭ്യമാക്കുന്ന പദ്ധതി" ഈ ഗവേണൻസിനെക്കുറിച്ചുള്ള ആരുടെ അഭിപ്രായമാണ് ഇത്?

എ പി ജെ അബ്ദുൽ കലാം

**Q.**പൊതുഭരണം എന്നാൽ എന്ത്?

രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെന്റിന്റെ നയപരിപാടികളും വികസനപദ്ധതികളും നടപ്പിലാക്കുന്നതിന് ഭൗതികസാഹചര്യങ്ങളും മനുഷ്യവിഭവവും ഫലപ്രദമായി വിനിയോഗിക്കുന്നതിന് പൊതുഭരണം എന്നുപറയുന്നു. ജനാധിപത്യഭരണം കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാകുന്നത് പൊതുഭരണസംവിധാനത്തിലൂടെയാണ്.

**Q.**പൊതുഭരണത്തിന്റെ പ്രാധാന്യം എന്തെല്ലാം?

ഗവണ്മെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു
ജനക്ഷേമം ഉറപ്പാക്കുന്നു
സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു
ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു

**Q.**ആരാണ് ഉദ്യോഗസ്ഥവൃന്ദം?

ഗവൺമെന്റിനെ ഭരണനിർവഹണത്തിൽ സഹായിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിനും വേണ്ടി പൊതുഭരണത്തിൻ കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരാണ് ഉദ്യോഗസ്ഥവൃന്ദം.

Q.ഉദ്യോഗസ്ഥവൃന്ദത്തിന്റെ പൊതുവായ സവിശേഷതകൾ എന്തെല്ലാം?

ശ്രേണീപരമായ സംഘാടനം

സ്ഥിരത

യോഗ്യതയെ അടിസ്ഥാനമാക്കിയുള്ള നിയമനം

രാഷ്ട്രീയ നിഷ്പക്ഷത

വൈദഗ്ധ്യം

Q.ഇന്ത്യൻ സിവിൽ സർവീസിന്റെ വർഗീകരണം സൂചിപ്പിക്കുന്ന പട്ടിക തയ്യാറാക്കുക.

(ഉത്തരം :-TEXT page 56-ലെ പട്ടിക )

Q ഇ ഗവേണൻസ് എന്നാലെന്ത്?

ഇലക്ട്രോണിക് സാങ്കേതികവിദ്യയുടെ സഹായം ഭരണരംഗത്ത് പ്രയോജനപ്പെടുത്തുന്നതിനെയാണ് ഇ ഗവേണൻസ് എന്നു പറയുന്നത്.

Q.ഇ ഗവേണൻസ് കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം?

വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ സേവനം നേടാം

സേവനം ലഭ്യമാകാൻ ഓഫീസുകളിൽ കാത്തുനിൽക്കേണ്ട ആവശ്യമില്ല

സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭ്യമാകുന്നു

ഓഫീസുകളുടെയും ഭരണത്തിന്റെയും കാര്യക്ഷമത വർദ്ധിക്കുന്നു.




THAHA. A,,

B R M HS ELAVATTOM

NEDUMANGAD



G MANOJ

GHSS

VENJARAMOODU